സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC. 2045/16/ESTA-A

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം
03/ 2/ 2016

## സർക്കുലർ

**വിഷയം:-** ദേവസ്വം ബോർഡിലെ വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം സംബന്ധിച്ച്.

**സൂചന:-** ചീഫ് വിജിലൻസ് ആന്റ് സെക്യൂരിറ്റി ഓഫീസറുടെ 03.02.2016-ലെ അർദ്ധ ഔദ്യോഗിക കത്ത്.

ദേവസ്വം ബോർഡിലെ ജീവനക്കാരുടെയും ഉദ്യോഗസ്ഥരുടെയും അഴിമതിയും കെടുകാര്യസ്ഥതയും ഫലവത്തായി തടയുക എന്ന ഉദ്ദേശത്തോടുകൂടിയാണ് 05.07.1993-ലെ ബോർഡ് ഉത്തരവ് പ്രകാരം വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തിയിട്ടുള്ളത്. വിജിലൻസ് വിഭാഗത്തിന്റെ സുഗമമായ നടത്തിപ്പിന് തടസ്സം സൃഷ്ടിക്കുന്ന തരത്തിൽ ദേവസ്വം ബോർഡിലെ ചില ഉദ്യോഗസ്ഥർ വിജിലൻസ് വിഭാഗത്തിൽ നിന്നും നൽകുന്ന നിയമപരമായ നിർദേശങ്ങൾ പാലിക്കാതെ പെരുമാറുന്നതായി ചീഫ് വിജിലൻസ് ആന്റ് സെക്യൂരിറ്റി ഓഫീസർ സൂചന കത്തുപ്രകാരം അറിയിച്ചിട്ടുള്ളതാണ്.മാത്രവുമല്ല,വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനങ്ങളോട് സഹകരിക്കേണ്ടതില്ലായെന്ന് ദേവസ്വം കമ്മീഷണർ നിർദേശിച്ചിട്ടുള്ളതായി ചില ഉദ്യോഗസ്ഥർ അറിയിച്ചിട്ടുള്ളതായും അദ്ദേഹത്തിന്റെ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ദേവസ്വം കമ്മീഷണർ ഉൾപ്പെടെയുള്ള എല്ലാ ഉദ്യോഗസ്ഥരും എല്ലാ ജീവനക്കാരും വിജിലൻസ് വിഭാഗത്തിന്റെ സുഗമമായ പ്രവർത്ത നത്തിന് ആവശ്യമായ സഹകരണവും സഹായവും നൽകുവാൻ നിയമപരമായും ധാർമ്മികമായും ബാദ്ധ്യസ്ഥരാണ് എന്ന് ഓർമ്മിപ്പിക്കുന്നു. ഇക്കാര്യത്തിൽ എന്തെങ്കിലും വീഴ്ച ശ്രദ്ധയിൽപ്പെട്ടാൽ അച്ചടക്ക നടപടി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാനിടയുണ്ട് എന്ന് വ്യക്തമാക്കുന്നു.

(ഒപ്പ്)
**ദേവസ്വം കമ്മീഷണർ**

(മറുപുറം)

**പകർപ്പ്**

1. സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)
2. ചീഫ് എഞ്ചിനീയർ(ജനറൽ) തിരുവിതാംകൂർ ദേവസ്വം ബോർഡ്
3. തിരുവാഭരണം കമ്മീഷണർ, ആറന്മുള
4. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ്&സെക്യൂരിറ്റി)
5. ചീഫ് എഞ്ചിനീയർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്
6. ഫൈനാൻസ് &അക്കൗണ്ട്സ് ഓഫീസർ
7. ദേവസ്വം അക്കൗണ്ട്സ് ഓഫീസർ
8. എക്സിക്യൂട്ടീവ് ഓഫീസർ, ശബരിമല
9. ഡയറക്ടർ , സാംസ്കാരിക വിഭാഗം
10. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
    തിരുവനന്തപുരം/പത്തനംതിട്ട/ഹരിപ്പാട്/വൈക്കം
11. അസിസ്റ്റന്റ് ആഡിറ്റ് ഓഫീസർ
    കൊട്ടാരക്കര/തിരുവല്ല/ ആലുവ
12. അസിസ്റ്റന്റ് ദേവസ്വം അക്കൗണ്ട്സ് ഓഫീസർ
    തിരുവനന്തപുരം/അമ്പലപ്പുഴ/വൈക്കം
13. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ,
    നെയ്യാറ്റിൻകര, തിരുവനന്തപുരം, ഉള്ളൂർ, വർക്കല, കൊല്ലം
    പുനലൂർ, കൊട്ടാരക്കര, തിരുവല്ല, മുണ്ടക്കയം, ആറന്മുള
    കരുനാഗപ്പള്ളി, അമ്പലപ്പുഴ, ചങ്ങനാശ്ശേരി, മാവേലിക്കര, ഹരിപ്പാട്
    കോട്ടയം, ഏറ്റുമാനൂർ, വൈക്കം, പറവൂർ, തൃക്കാരിയൂർ
14. വിജിലൻസ് ഓഫീസർ
    മാവേലിക്കര/വൈക്കം
15. ഇ.ഡി.പി സെക്ഷൻ
16. സെക്ഷൻ ഫയൽ
17. ഫെയർ ഓഫീസ് കോപ്പി.

**ദേവസ്വം കമ്മീഷണർ**